LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ വേണ്ട തുക

118 [2245] ശ്രീ. കെ. എ. ചന്ദ്രൻ:

" ടി. യു. രാധാകൃഷ്ണൻ:

" പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി.-യിൽ നിന്നും റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ ഇനി ആകെ എന്തു തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

275 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ റിസർവ്വ് കണ്ടക്ടർമാരുടെ നിയമനം

119 [2246] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ റിസർവ്വ് കണ്ടക്ടർമാരെ നിയമിക്കുന്നതിന് പി.എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചു എന്നും എത്ര ഒഴിവുകൾ ഇനി ബാക്കി ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഏതു വ്യവസ്ഥയിലാണ് നിയമിച്ചതെന്നും അവരുടെ വേതനവും മറ്റാനുകൂല്യങ്ങളും എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ:

(ഡി) പി. എസ്. സി. മുഖേന നിയമനം ലഭിച്ച് 240 ഡ്യൂട്ടി തികഞ്ഞവരെ സ്ഥിരപ്പെടുത്തുന്നതിനും പി. എസ്. സി. സ്കെയിലിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്നും ഹർജി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഹർജിയിൻമേൽ എന്ത് തീരുമാനമെടുത്തെന്നും അവരെ സ്ഥിരപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചെന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് നിലവിലുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും 56 പേരെ കെ. എസ്. ആർ. ടി. സി.-യിൽ നിയമിച്ചിട്ടുണ്ട്. എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കുന്നത് പി. എസ്. സി.-യിലാണ്.